**കൈത്താക്കാലം നാലാം ഞായർ**
**മത്താ. 13:44-52**

## ദൈവരാജ്യത്തിന്റെ വളർച്ച

**ഫാ. പോൾ മോറേലി**

ക്രിസ്തുവും ദൈവപുത്രനും ആയ യേശുവിനെ തിരസ്കരിക്കുന്നതാണ് മത്തായിയുടെ സുവിശേഷത്തിന്റെ മൂന്നാം ഭാഗത്തെ (11:1-13:52) പ്രമേയം. പതിമൂന്നാം അധ്യായത്തിലെ ആദ്യ ഉപമ, വിതക്കാരന്റെ ഉപമ (13:1-9, 18-23) യേശുവിനോടുള്ള പ്രതികരണത്തെ ആലങ്കാരികമായി അവതരിപ്പിക്കുന്നു.

മത്തായി എഴുതിയ സുവിശേഷത്തിൽ മാത്രമുള്ളതാണ് ഉപമകളുടെ പ്രഭാഷണത്തിന്റെ അവസാന ഭാഗത്തുള്ള (13:44-52) ഈ മൂന്ന് ഉപമകൾ. യേശുവിൽ യാഥാർത്ഥ്യമാകുന്ന സ്വർഗ്ഗരാജ്യം സ്വന്തമാക്കാൻ എന്തു ചെയ്യണം എന്നാണ് നിധിയുടെയും (13:44) രത്നത്തിന്റെയും (13:45-46) വലയുടെയും (13:47-50) ഉപമകൾ വെളിപ്പെടുത്തുന്നത്.

നിധിയുടെയും രത്നത്തിന്റെയും ഉപമകൾ സമാനമാണ്. ദൈവരാജ്യത്തിന്റെ മൂല്യം വെളിപ്പെടുത്തുന്ന ഉപമകൾ ആണിവ. എന്തും നഷ്ടപ്പെടുത്തി സ്വന്തമാക്കേണ്ട നിധി അഥവാ രത്നമാണ് സ്വർഗ്ഗരാജ്യം അല്ലെങ്കിൽ ക്രിസ്തു. Carl Barth പറയുന്നു: ‘ഈശോ ദൈവരാജ്യത്തെ പറ്റി പ്രസംഗിച്ചു. അവിടുന്ന് തന്നെയാണ് ദൈവരാജ്യം.’

വയലിൽ മറഞ്ഞിരിക്കുന്ന നിധി കണ്ടെത്തിയവൻ അക്കാര്യം രഹസ്യമാക്കി വെച്ച് ആ നിലം സ്വന്തമാക്കി. ആ നിധിക്ക് തുല്യമാണ് സ്വർഗ്ഗരാജ്യം. നിധിയുടെ വില മനസ്സിലാക്കി മറ്റെല്ലാം ഉപേക്ഷിക്കാൻ അവൻ തയ്യാറാകുന്നു. ‘സന്തോഷത്തോടെ’ എന്നത് ഈ ഉപമയിലെ ഒരു നിർണായക പദമാണ്. ജോവാക്കിം ജെറമിയാസ് പറയുന്നു: ‘ഇരട്ട ഉപമയിലെ (നിധിയുടെയും രത്നത്തിന്റെയും) ഏറ്റവും ശുഭദമായ കാര്യം, രണ്ടു പേരും ഉപേക്ഷിച്ച കാര്യങ്ങളല്ല, അവർ അവ ഉപേക്ഷിക്കാൻ ഉണ്ടായ കാരണമാണ്. തങ്ങളുടെ ലക്ഷ്യം കണ്ടെത്തിയപ്പോൾ അവർക്കുണ്ടായ ആനന്ദമാണ് അത്. ദൈവരാജ്യം കണ്ടെത്തുന്ന വനിലും ഇങ്ങനെതന്നെ.’ പൗലോസ് ശ്ലീഹ താൻ ക്രിസ്തുവിനെ കണ്ടെത്തിയതിന്റെ സന്തോഷം അവതരിപ്പിക്കുന്നുണ്ടല്ലോ, ‘യേശുക്രിസ്തുവിനെ പ്രതി സകലവും ഞാൻ നഷ്ടമായി തന്നെ പരിഗണിക്കുന്നു. അവനെപ്രതി ഞാൻ സകലവും നഷ്ടപ്പെടുത്തുകയും ഉച്ഛിഷ്ടം പോലെ കരുതുകയും ആണ്.’ (ഫിലി. 3:8). 'Confession' എന്ന തന്റെ ആത്മകഥയിൽ വിശുദ്ധ അഗസ്റ്റിൻ പറയുന്നു: ‘പണ്ട് ഞാൻ ഉപേക്ഷിക്കാൻ ഭയപ്പെട്ടത്, ഇപ്പോൾ ഉപേക്ഷിച്ച പ്പോൾ, ഇന്നെനിക്ക് ആനന്ദമുണ്ട്. കാരണം അങ്ങ് അവയെ എന്നിൽ നിന്നും നീക്കി അവയ്ക്ക് പകരമായി അങ്ങ് (ക്രിസ്തു) എന്നിൽ വന്നു. മറ്റെല്ലാ സന്തോഷത്തേക്കാളും ഉപരിയാണ് ഇന്ന് അങ്ങ് നൽകുന്ന ആനന്ദം.’

‘കളകളുടെ ഉപമ’യിൽ എന്നപോലെ (13:24-30, 36-43) നന്മതിന്മകളുടെ സങ്കലനമാണ് കടലിൽ എറിഞ്ഞ വലയുടെയും (13:47-50) പ്രമേയം. നല്ലതുംചീത്തയും, ഭക്ഷിക്കാവുന്നതും ഭക്ഷിക്കാൻ ആകാത്തതും മീൻപിടുത്തക്ക രൻ വേർതിരിക്കുന്നു. അന്ത്യവിധിയിൽ സംഭവിക്കുന്നതും ഇതുതന്നെ. ദൈവ ദൂതന്മാർ ദുഷ്ടന്മാരെ നീതിമാന്മാരിൽനിന്ന് വേർതിരിക്കുകയും അഗ്നികുണ്ഠ ത്തിലേക്ക് എറിയുകയും ചെയ്യും. അതിനാൽ നിധിയാകുന്ന രത്നം ആകുന്ന സ്വർഗ്ഗരാജ്യം അവകാശം ആക്കാൻ നാമെല്ലാവരും ജീവിക്കണം എന്ന് സാരം.

"The Christian tradition says that we are all created "through Christ." This means that at the very root of our being from our "beginning" we are meant to realise a Christomorphic destiny playing out in a unique manner, the form of Jesus. This IMAGO is in us, whether we like it or not, and the drama of our lives is nothing but the discovery and unfolding of it. Could the field be the human heart and the treasure the IMAGO of Christ? Could the selling of everything be the surrendering of all for the sake of the mission? Could this Pearl be his Christoform identity, the one thing worth looking for? And could the selling of everything else be the discovery of a rightly ordered life?" (Bishop Robert Barron - The Word on Fire Bible, p. 92).